# പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **12/6/2013-ലെ മറുപടിക്ക്**

**ചോദ്യം നം : 868**

## നോക്കുകൂലി നിരോധനം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.എൻ.എ.ഖാദർ** | **ശ്രീ. ഷിബു ബേബിജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | നോക്കുകൂലി നിരോധിക്കുവാനും അത് ലംഘിക്കുന്നവരെ ശിക്ഷിക്കു-വാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | നോക്കുകൂലി നിരോധിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകൾ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിക്കുകയും തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിൽ ചുമട്ടുകൂലി ഏകീകരിക്കുകയും ചെയ്തിട്ടുണ്ട്. ചുമട്ടുതൊഴിലാളികൾ അമിതകൂലി വാങ്ങുന്നതായി പരാതി ലഭിച്ചാൽ അവരുടെ അംഗത്വം മരവിപ്പിക്കുന്നതടക്കമുള്ള നടപടികൾ ലേബർ കമ്മീഷണർ സ്വീകരിക്കു-ന്നുണ്ട്. ക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ നോക്കുകൂലി വാങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവരുടെ അംഗത്വ കാർഡ് റദ്ദാക്കൽ, ജോലിയിൽ നിന്ന് പിരിച്ചുവിടൽ എന്നീ കർശന നടപടികൾ ബോർഡ് സ്വീകരിക്കുന്നുണ്ട്. |
| (ബി) | ഇപ്പോഴും നോക്കുകൂലി വാങ്ങിക്കു-കയും ഗുണ്ടകളെപ്പോലെ പെരുമാറു കയും ചെയ്യുന്നവരെ ശിക്ഷിക്കു വാൻ നടപടി സ്വീകരിക്കുമോ ; | (ബി) | നോക്കുകൂലി വാങ്ങുന്നവരുടെ അംഗത്വകാർഡ് മരവിപ്പിക്കൽ, റദ്ദാക്കൽ, ജോലിയിൽ നിന്നും പിരിച്ചുവിടൽ എന്നീ കർശന നടപടികൾ ലേബർ കമ്മീഷണറും കേരള ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡും സ്വീകരിക്കുന്നുണ്ട്. |
| (സി) | നോക്കു കൂലി ആവശ്യപ്പെടുന്നതും വാങ്ങുന്നതും കവർച്ചാകുറ്റത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | നോക്കുകൂലി അവസാനിപ്പിക്കുന്ന-തിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ